# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1481** **03/05/2017 ൽ മറുപടി നൽ കേണ്ടിയിരുന്നത്**

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുമുള്ള ധനസഹായം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നു എന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകൾ പരിശോധിച്ച് കഴിയുന്നത്ര വേഗത്തിൽ തന്നെ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും മൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺ ലൈൻ സംവിധാനം കൂടി ഏർ പ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓൺ ലൈൻ സംവിധാനം വഴി ഫണ്ട് അനുവദിക്കുന്നത് താലൂക്ക് അടിസ്ഥാന ത്തിലാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | കാലതാമസം ഒഴിവാക്കി ദുരിതാശ്വാസ വിതരണം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല | വിതരണം ചെയ്ത തുക |
|---|---|
| തിരുവനന്തപുരം | 16,43,49,158 |
| കൊല്ലം | 15,59,82,704 |
| പത്തനംതിട്ട | 3,70,91,000 |
| ആലപ്പുഴ | 12,67,84,000 |
| കോട്ടയം | 7,02,09,730 |
| ഇടുക്കി | 6,36,62,233 |
| എറണാകുളം | 11,77,90,731 |
| തൃശ്ശൂർ | 5,88,44,500 |
| പാലക്കാട് | 6,31,58,000 |
| മലപ്പുറം | 4,55,84,087 |
| കോഴിക്കോട് | 3,62,30,000 |
| വയനാട് | 1,24,33,000 |
| കണ്ണൂർ | 5,61,19,500 |
| കാസർ ഗോഡ് | 5,60,82,191 |
| **ആകെ** | **106,43,20,834** |

സെക്ഷൻ ഓഫീസർ